NO.ICPS5/8826/17

സംയോജിത ശിശു സംരക്ഷണ പദ്ധതി
സാമൂഹ്യ നീതി വകുപ്പ്,പൂജപ്പുര
തിരുവനന്തപുരം
തീയതി: 16.03.2017

# സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ്–ഐ സി പി എസ് ന്റെ ജില്ലാ ഘടകങ്ങളായ ഡി സി പി യു , ജെ ജെ ഹോം,CWC/JJB എന്നിവിടങ്ങളിലെ കരാർ ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം:-

ഐ സി പി എസ് ന്റെ ജില്ലാ ഘടകങ്ങളായ ഡി സി പി യു , ജെ ജെ ഹോം , CWC/JJB എന്നിവിടങ്ങളിലെ കരാർ ജീവനക്കാരുടെ സേവന കാലാവധി ഒരു വർഷം പൂർത്തിയാക്കുന്നവ മുറയ്ക്ക് സേവന കാലാവധി പുതുക്കുന്നതിന് താല്പര്യമുള്ള ജീവനക്കാരുടെ പെർഫോർമൻസ് അപ്പൈപ്രസൽ(CR) സേവന കാലാവധി തീരുന്നതിനു ഒരു മാസം മുൻപ് തന്നെ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.ആയതു സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. സേവന കാലാവധി അവസാനിക്കുന്ന ജീവനക്കാരുടെ കരാർ സേവനം തുടരണമെങ്കിൽ സെൽഫ് അസ്സസ്സ്മെന്റ്റ് അടക്കമുള്ള പെർഫോർമൻസ് അപ്പൈപ്രസൽ,ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശ എന്നിവ സഹിതമുള്ള പ്രൊപ്പോസൽ ഈ ഓഫീസിലേക്ക് അയച്ചു തരണം.
2. ഐ സി പി എസ് ന്റെ ജില്ലാ ഘടകമായ ഡി സി പി യു വിലെ കരാർ ജീവനക്കാരുടെ പെർഫോർമൻസ് അപ്പൈപ്രസൽ(CR) റിപ്പോർട്ട് അതാതു DCPO മാർ തയ്യാറാക്കി അയച്ചു തരേണ്ടതാണ് .SCPS പ്രോഗ്രാം മാനേജരാണ് റിവ്യൂ നടത്തേണ്ടത്.
3. ഐ സി പി എസ് കീഴിലുള്ള ജെ ജെ ഹോമുകളിലെ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന കൗൺസിലർമ്മാരുടെ പെർഫോർമൻസ് അപ്പൈപ്രസൽ(CR) റിപ്പോർട്ട് അതാതു സൂപ്രണ്ടുമാർ തയ്യാറാക്കി അതാതു DCPO മാർ റിവ്യൂ ചെയ്ത് ഈ ഓഫീസിലേയ്ക്ക് അയച്ചു തരണം.അല്ലാത്തവ പരിഗണിക്കുന്നതല്ല.
4. CWC/JJB കളിൽ അസ്സിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്ററായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പെർഫോർമൻസ് അപ്പൈപ്രസൽ(CR) CWC ചെയർമാൻ/ പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാരാണ് തയ്യാറാക്കേണ്ടത്.അതാതു ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ റിവ്യൂ ചെയ്യണം.അല്ലാത്തവ പരിഗണിക്കുന്നതല്ല.

5. കരാർ പുതുക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ജീവനക്കാരന്റെ കരാർ കാലാവധി തീർന്നതിനുശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല..

6. കരാർ പുതുക്കുന്നതിനുവേണ്ടി മേൽപ്പറഞ്ഞ പ്രകാരം കത്ത് നൽകുകയും എന്നാൽ കരാർ തീരുന്ന ദിവസത്തിനകം ആവശ്യമായ ഉത്തരവ് ലഭിയ്ക്കാതിരിക്കുകയുംചെയ്യുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ജീവനക്കാരന്റെ കരാർ കാലാവധി തീരുന്നതിന്റെ തൊട്ടടുത്ത ദിവസം ബ്രേക്ക് നൽകി അടുത്ത ദിവസം മുതൽ ഈ ഓഫീസിന്റെ ഉത്തരവിന് വിധേയമായി കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി സേവനം തുടരുവാൻ അനുവദിയ്ക്കാവുന്നതാണ്.ഇങ്ങനെയുള്ള കേസുകളിൽ ഈ ഓഫീസിന്റെ ഉത്തരവ് ലഭിച്ചതിനുശേഷം മാത്രമേ കരാറിൽ ഏർപ്പെടാനും വേതനം നൽകുവാനും പാടുള്ളൂ..

7. ഈ സർക്കുലറിന്റെ ഈ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

സാമൂഹ്യ നീതിഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ജെ ജെ സ്ഥാപന സൂപ്രണ്ടുമാർക്കും

പകർപ്പ്:-

1. എല്ലാ CWC ചെയർമാൻമാർക്കും (ആമുഖ കത്ത് സഹിതം)
2. എല്ലാ ജെ ജെ ബി പ്രിൻസിപ്പൽ മജിസ്ട്രേറ്റ് മാർക്കും (ആമുഖ കത്ത് സഹിതം)
3. പ്രോഗ്രാം മാനേജർ,scps
4. ICPS-4
5. സ്റ്റോക്ക് ഫയൽ